



**സർക്കാർ അംഗീകാരത്തോടെ നടക്കുന്ന വേശ്യാത്തെരുവുകളും നികുതി കൊടുത്ത് അന്തസ്സോടെ ജീവിക്കുന്ന വേശ്യകളുമുള്ള ഹോളണ്ടിലെ അപൂർവ്വ കാഴ്ചകളുമായി രാജുറാഫേൽ**

# കാസ റോസ്സയിലെ ലൈവ് ഷോ

**പ്രൊസ്റ്റിറ്റ്യൂഷ്യൻ** ഇൻഫർമേഷൻ സെന്ററിലെ വളണ്ടിയർ പെൺകുട്ടിയുടെ മുൻപിൽ എന്ത് പറയണം എന്നറിയാതെ ഒരു നിമിഷം ഞാൻ സ്തംഭിച്ചു നിന്നെങ്കിലും പെട്ടെന്ന് തന്നെ എന്നിലെ പത്രപ്രവർത്തകൻ സജീവമായി. വ്യഭിചാരത്തിൽ എനിക്ക് താല്പര്യമില്ലെന്നും ലോകത്തിലെ ഏറ്റവും പ്രശസ്ത വ്യഭിചാര കേന്ദ്രമായ ആംസ്റ്റർഡാമിലെ റെഡ് ലൈറ്റ് ഡിസ്ട്രിക്കിന് ഹോളണ്ടിലെ സാമൂഹ്യ-സാമ്പത്തിക മേഖലകളിൽ ആഴത്തിലുള്ള വേരുകളെ കുറിച്ച് പഠിക്കാൻ ഉദ്ദേശിക്കുന്ന ഗവേഷകനാണ് ഞാനെന്നും അതിന് എന്നെ സഹായിക്കണമെന്നും ഞാൻ ആ പെൺകുട്ടിയോട് അഭ്യർത്ഥിച്ചു. അത് വിശ്വസിക്കുന്നില്ല എന്ന മട്ടിൽ ടോണിയുടെ മുഖത്തേക്ക് ഒന്ന് ചൂഴ്ന്ന് നോക്കികൊണ്ട് പെൺകുട്ടി അകത്തേക്ക് കയറിപ്പോയി. ടോണി എന്നെ തോണ്ടാനാഞ്ഞെങ്കിലും മിണ്ടരുത് എന്ന് ഞാൻ ആംഗ്യം കാണിച്ചു. ഞങ്ങൾ ഇൻഫർമേഷൻ സെന്ററിന്റെ പടിയിറങ്ങി പകുതി റോഡിലും പകുതി ചവിട്ടുപടിയിലുമായി അവളെകാത്തുനിന്നു.

അല്പസമയം കഴിഞ്ഞപ്പോൾ ഒരു സൈക്കിളിൽ ഡബ്ബിൾ വെച്ച് വന്ന രണ്ട് യുവതികൾ - ഏതാണ്ട് ഒരേ പോലെ തോന്നിക്കുന്ന നീല ജീൻസും ടീ ഷർട്ടും ചാരനിറത്തിലുള്ള ജാക്കറ്റും അണ് അവരുടെ വേഷം - സൈക്കിൾ, ഇൻഫർമേഷൻ സെന്ററിന്റെ ചുമരിനോട് ചേർത്ത് വെച്ച്, ഇരുമ്പ് ചങ്ങലയും താഴുമിട്ട് പൂട്ടി, ഞങ്ങളെ തീരെ ശ്രദ്ധിക്കാതെ തിടുക്കപ്പെട്ട് അകത്തേക്ക് കയറിപ്പോയി. സൈക്കിൾ പൂട്ടിവെയ്ക്കുന്ന രീതി കണ്ട് നാളെ രാവിലെയേ അവർ ഇവിടെ നിന്ന് പോകൂ എന്ന് എനിക്ക് തോന്നി. അപ്പോൾ ഈ യുവതികൾ അഭിസാരികകൾ ആയിരിക്കണം! - എന്നിലെ പത്രപ്രവർത്തകൻ കാടുകയറി ചിന്തിച്ചു. ഇത്തിരി സങ്കോചത്തോടെയാണെങ്കിലും ഞാൻ ആ സംശയം ടോണിയുമായി പങ്കുവെച്ചു.

"ഏയ്, കണ്ടിട്ട് എസ്കോർട്ട് ഗേൾസ് ആണെന്ന് തോന്നുന്നു. അവരുടെ സേവനം ആവശ്യപ്പെട്ടവരെ ഇവിടെ വച്ച് കൂട്ടിമുട്ടാം എന്ന് പറഞ്ഞിട്ടുണ്ടാകും"- ടോണി മറുപടി പറഞ്ഞു. ആരാണ് ഈ എസ്കോർട്ട് ഗേൾസ്, എന്താണ് അവരുടെ ജോലി? എനിക്ക് വീണ്ടും സംശയങ്ങളായി.

മുഴുവൻസമയ വേശ്യയാകാനോ, അല്ലെങ്കിൽ വേശ്യയായി മാറാനോ താല്പര്യമില്ലാത്ത പെൺകുട്ടികളാണ് എസ്കോർട്ട്സ് ഗേൾസ്. മിക്കവർക്കും നല്ല വിദ്യാഭ്യാസം ഉണ്ടായിരിക്കും, പലരും ഗ്രാജേറ്റ് സ്റ്റുഡന്റ്സും ആയിരിക്കും (ഏതെങ്കിലും വിഷയത്തിൽ അടിസ്ഥാന ബിരുദം നേടിയ ശേഷം ഉപരിപഠനം നടത്തുന്നവർ- പോസ്റ്റ് ഗ്രാജേറ്റ്, എംഫിൽ, പിഎച്ച് ഡി വിദ്യാർത്ഥികളെല്ലാം ഈ ഗണത്തിൽപ്പെടും. ബിരുദത്തിനായി പഠിക്കുന്നവരെ അണ്ടർ ഗ്രാജേറ്റ് സ്റ്റുഡന്റ്സ് എന്നും വിളിക്കുന്നു). ആംസ്റ്റർഡാമിൽ കറങ്ങാനെത്തുന്ന ധനാഢ്യരുടെ കൂടെ സ്നേഹിതയായി പോവുക എന്നതാണ് ഇവരുടെ ജോലി. ഒരു മണിക്കൂർ നേരത്തേക്ക്, അല്ലെങ്കിൽ മൂന്നോ നാലോ മണിക്കൂർ നേരത്തേക്ക്, ഒരു പകൽ മുഴുവനായോ പകുതിയായോ, രാത്രിയും പകലും ചേർത്ത് മുഴുവൻ ദിവസത്തേക്കോ എങ്ങിനെ വേണമെങ്കിലും ഇവരെ വാടകയ്ക്ക് എടുക്കാം. സമയവും ആവശ്യപ്പെടുന്ന സേവനത്തിന്റെ സ്വഭാവവും അനുസരിച്ച് ചാർജ്ജിൽ മാറ്റമുണ്ടാകുമെന്ന് മാത്രം – ടോണി ആധികാരികമായി വിശദീകരിച്ചു. ഇവരെ ഏർപ്പാടാക്കി കൊടുക്കുന്നത് സർക്കാർ അംഗീകാരത്തോടെയും ലൈസൻസോടെയും പ്രവർത്തിക്കുന്ന ഏജൻസികളാണ്. ഇവരെ എസ്കോർട്ട് ഏജൻസികൾ എന്ന് വിളിക്കുന്നു. അംഗീകൃത എസ്കോർട്ട് ഏജൻസികളുടെ വിവരങ്ങൾ ഈ പ്രൊസ്റ്റിറ്റ്യൂഷ്യൻ ഇൻഫർമേഷൻ സെന്ററിൽ നിന്ന് ലഭിക്കും. നിങ്ങൾക്ക് ആവശ്യമുള്ള സേവനം എന്താണെന്ന് കൃത്യമായി വ്യക്തമാക്കി ആദ്യം ഏജൻസിയുമായി ധാരണയിലെത്തണം. അതായത് ചിലർക്ക് വെറുതെ കൂടെ നടക്കാൻ ഒരു സ്നേഹിതയെ മതിയായിരിക്കും, മറ്റ് ചിലർക്ക് ശൃംഗാരത്തിലും ചില്ലറ ചുംബനങ്ങളിലുമൊക്കെയാകും താല്പര്യം. മറ്റ് ചിലർക്ക് കുറച്ച്കൂടി കാമകേളികൾ, ചിലർക്ക് കറക്കത്തിന് ശേഷം അവരുടെ കൂടെ ശയിക്കണം എന്നാകും–ഏത് തരം സേവനം ആണ് വേണ്ടത് എങ്കിൽ അതിന് യോജിച്ച ഒരു എസ്കോർട്ട് ഗേളിനെ ഏജൻസി ഏർപ്പാടാക്കിത്തരും. അവർ പറയുന്ന കാശ് ആദ്യം അടയ്ക്കണമെന്ന് മാത്രം. നല്ല കാശുള്ളവനേ ഇവരുടെ സേവനം അനുഭവിക്കാൻ പറ്റൂ. സാദാ വേശ്യകളിൽ താല്പര്യമില്ലാത്ത വിദേശ ധനാഢ്യന്മാർ ആണ് ഇവരുടെ ഗുണഭോക്താക്കൾ– ടോണി വിശദീകരണം തുടർന്നു.

**പള്ളി നടയിൽ അല്പം മുന്നോട്ട് നടന്നപ്പോൾ ലൈവായി സെക്സ് ഷോകൾ കാണാൻ സൗകര്യമുള്ള തിയ്യറ്ററുകൾ കണ്ടു. അതിൽ ഏറ്റവും പ്രശസ്തമായതാണ് നിരവധി യൂറോപ്യൻ കൃതികളിൽ പരാമർശിക്കപ്പെട്ടിട്ടുള്ള കാസ റോസ്സോ എന്ന തിയ്യറ്റർ. കാസ്സ റോസ്സോ കണ്ടതോടെ കൗതുകത്തോടെ ഞാനും അങ്ങോട്ട് നീങ്ങി**

“എസ്കോർട്ട് തേടുന്നത് ധനാഢ്യന് പകരം ഒരു ധനാഢ്യയാണെങ്കിലോ? എസ്കോർട്ട് ഏജൻസികൾ എന്ത് ചെയ്യും? എന്നിലെ സ്ത്രീ സമത്വവാദി ഉണർന്നു. ആണുങ്ങളെപ്പോലെ പൈസ നൽകി ലൈംഗിക പങ്കാളിയെ തൽക്കാലത്തേക്ക് വാങ്ങിക്കാനും ഇതുപോലെ എസ്കോർട്ട് ആസ്വദിക്കാനും പെണ്ണുങ്ങൾക്കും അവകാശമില്ലേ?” ഞാൻ ചോദിച്ചു. “കയ്യിൽ പൈസയുണ്ടെങ്കിൽ ഇവിടെ ഒരു കാര്യത്തിനും ആൺ പെൺ വ്യത്യാസമില്ല സുഹൃത്തേ”– ടോണി ഉറക്കെ ചിരിച്ചുകൊണ്ട് പറഞ്ഞു. എസ്കോർട്ട് ഗേൾസിനേക്കാൾ കൂടുതൽ ഇപ്പോൾ എസ്കോർട്ട് ബോയ്സ് ആണ്. ഇനി നിങ്ങൾക്ക് സ്വവർഗ്ഗ രതിയിലാണ് താല്പര്യമെങ്കിൽ അതും എസ്കോർട്ട് ഏജൻസികൾ ഏർപ്പാടാക്കി തരും. അതിൽ സ്പെഷ്യലൈസ് ചെയ്തിട്ടുള്ള മൂന്ന് നാല് ഏജൻസികൾ ഈ പ്രദേശത്ത് തന്നെയുണ്ട്- സായിപ്പ് കൂട്ടിചേർത്തു.

“അവരും സർക്കാർ ലൈസൻസോടെയാണോ പ്രവർത്തിക്കുന്നത്?” എന്റെ ഉപചോദ്യങ്ങൾ നീണ്ടു. “വേശ്യാവൃത്തിയും അതിനോട് അനുബന്ധിച്ച എല്ലാ തൊഴിൽ മേഖലകളും ഹോളണ്ടിൽ സർക്കാറിന്റെ കർശന നിയന്ത്രണത്തിലും പോലിസിന്റെ സൂക്ഷ്മ നിരീക്ഷണത്തിലുമാണ് നടക്കുന്നത്. പ്രായപൂർത്തിയായവർക്ക് മാത്രമേ ഇത്തരം പ്രവർത്തികൾ ചെയ്യാൻ പാടുള്ളൂ. കർശന നിയന്ത്രണങ്ങളിലൂടെ കുട്ടികൾ ഇത്തരം മേഖലകളിലേക്ക് കടന്നു വരുന്നതും മനുഷ്യക്കടത്തും ബലപ്രയോഗത്തിലൂടെയുള്ള വേശ്യാവൃത്തിയുമൊക്കെ തടയാൻ കഴിയുന്നു.” ടോണി പെട്ടെന്ന് സർക്കാർ വക്താവായി. ഇതു കേട്ടുകൊണ്ടാണ് നേരത്തെ അകത്തേക്ക് പോയ വളണ്ടിയർ പെൺകുട്ടി തിരിച്ചുവന്നത്. അവൾ വന്നതോടെ ചോദ്യോത്തര പരിപാടി അവസാനിക്കുമെന്നാണ് ഞാൻ കരുതിയത്. എന്നാൽ വലിയ ആവേശത്തോടെ അവൾ ടോണിയുടെ റോൾ ഏറ്റെടുത്തു.


ലോകത്തിലെ ഏറ്റവും പുരാതനമായ തൊഴിൽ മേഖലയാണ് വേശ്യാവൃത്തി. ഈ ലോകത്തിൽ എല്ലായിടത്തും അതുണ്ട്. നിങ്ങൾക്ക് ഇഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും ഈ ലോകമുള്ളേടത്തോളം അത് നിലനിൽക്കുകയും ചെയ്യും. അപ്പോൾ പിന്നെ നിയമപരമായി, ഏറ്റവും വൃത്തിയായി, മാന്യമായി, സുരക്ഷിതത്വത്തോടെ അത് നിർവഹിക്കാൻ സാഹചര്യമൊരുക്കുകയല്ലേ നല്ലത്. ഞങ്ങൾ ഹോളണ്ടുകാർ ചെയ്തിരിക്കുന്നത് അതാണ്. നിങ്ങളുടെയൊക്കെ രാജ്യത്തെപ്പോലെ വേശ്യാവൃത്തി ഹോളണ്ടിൽ കുറ്റകൃത്യമല്ല, വേശ്യാവൃത്തി ചെയ്യുന്നവർ കുറ്റവാളികളുമല്ല. നിയമപരമായി നികുതി കൊടുത്ത് ഏറ്റവും അന്തസ്സോടെയാണ് ഇവിടെ വേശ്യകൾ ജീവിക്കുന്നത്- വളണ്ടിയർ പെൺകുട്ടി ആവേശഭരിതയായി പ്രസംഗം തുടർന്നു. ആവേശം മൂത്തപ്പോൾ മുറി ഇംഗ്ലീഷ് അസ്സൽ ഡച്ചിലേക്ക് വഴിമാറി എന്ന് മാത്രം. ഗവേഷണ വിദ്യാർത്ഥിയായി അവളുടെ മുന്നിൽ അഭിനയിച്ചതിന്റെ ഗതികേട് ഞാൻ ശരിക്കും അനുഭവിച്ചു. ഹോളണ്ടിലെ വേശ്യാവൃത്തിയുടെ ചരിത്രവും പാരമ്പര്യവും അവളുടെ കട്ടഡെച്ചിൽ എന്റെ മുൻപിൽ വിളമ്പിയിട്ടേ അവൾ അടങ്ങിയുള്ളൂ. അവൾ പറയുന്നത് ഒന്നും എനിക്ക് മനസ്സിലാകുന്നില്ല എന്നത് അവൾക്ക് ഒരു വിഷയമേ ആയില്ല.

ഒരു മണിക്കൂർ എടുത്തു അവിടെ നിന്ന് രക്ഷപ്പെടാൻ. ഇനി ആരുടെ മുന്നിലും ഗവേഷണ വിദ്യാർത്ഥിയായി

വേഷം കെട്ടില്ലെന്ന് ഡാ വാളനിലെ (ആംസ്റ്റർഡാമിലെ ഏറ്റവും വലിയ റെഡ് ലൈറ്റ് ഡിസ്ട്രിക്) വേശ്യകളെ സാക്ഷികളാക്കി ഞാൻ പച്ച മലയാളത്തിൽ ദൃഢപ്രതിഞ്ജ എടുത്തു.

സമയം അഞ്ചുമണിയോട് അടുത്തിരിക്കുന്നു. പല രാജ്യങ്ങളിൽ നിന്നും വന്ന പലതരത്തിലുള്ള ആണും പെണ്ണും നിറഞ്ഞ് ഡെ വാളനിലെ തെരുവുകളെല്ലാം ചുവന്നനിറത്തിൽ കുളിച്ചു നിൽക്കുന്നു. ഈ വേശ്യാത്തെരുവ് കാണാൻ ചിലർ എത്തിയിരിക്കുന്നത് ഭാര്യയും മക്കളുമായിട്ടാണ് എന്നത് എന്നിൽ ആശ്ചര്യവും അമ്പരപ്പും ഉണ്ടാക്കി. വ്യഭിചരിക്കാൻ പങ്കാളിയെ തേടുന്നവരേക്കാൾ കൂടുതൽ വ്യഭിചാര പ്രവർത്തികൾ കണ്ട് ആസ്വദിച്ചു നടക്കുന്നവരാണ്. ഞങ്ങളുടെ മുന്നിലായി നീങ്ങുന്നത് ജപ്പാനിൽ നിന്നുള്ള നാലംഗ സംഘമാണ്. വീതികുറഞ്ഞ റോഡിന് ഇരുവശവും മനോഹരമായ കെട്ടിടങ്ങൾ. കെട്ടിടത്തിനുള്ളിൽ റോഡരികിലാണ് വേശ്യകൾ നിൽക്കുന്നത്. ഓരോരുത്തരും ഓരോ ചില്ലുകൂടിനുള്ളിൽ. അല്പ വസ്ത്രം മാത്രം ധരിച്ചു നിൽക്കുന്ന അവരുടെ സമീപത്തേക്ക് ചെന്നാൽ ഒരു കിളിവാതിൽ തുറക്കും. തുക പറഞ്ഞ് ഉറപ്പിച്ചു കഴിഞ്ഞാൽ ഉപഭോക്താവിന് മുന്നിൽ വാതിൽ തുറക്കപ്പെടുന്നു. ചില്ലുപെട്ടിയുടെ കാഴ്ച മറിച്ചുകൊണ്ട് കട്ടിയുള്ള കർട്ടനുകൾ വീഴുന്നു.

ഇതെല്ലാം കണ്ട് ഞങ്ങളുടെ മുന്നിലുള്ള ജപ്പാൻ സംഘത്തിലെ ഒരു തടിയന് ആകെ ഹരം പിടിച്ചിരിക്കുന്നു. ചില്ലുകൂട്ടിൽ നിൽക്കുന്ന ഓരോ സ്ത്രീയെ കാണുമ്പോഴും അയാൾ ഉറക്കെ ചിരിച്ചുകൊണ്ട് കൂടെയുള്ളവരുടെ തോളിൽ അടിച്ചുകൊണ്ട് എനിക്കറിയാത്ത ഭാഷയിൽ എന്തൊക്കെയോ പറയുന്നു. ഒരു കെട്ടിടത്തിന് മുന്നിൽ നിന്ന് അടുത്ത കെട്ടിടത്തിന് അടുത്ത് എത്തുമ്പോഴേക്കും അയാളുടെ കൂട്ടുകാർ തോളിലുള്ള അടി പേടിച്ച് അകലം പാലിക്കുന്നത് കാണാം. ഇരുപതോളം ചില്ലുകൂടുകൾ പിന്നിട്ടപ്പോഴേക്കും അയാളുടെ ശരീരഭാഷ മാറി തുടങ്ങി. ഉറക്കെയുള്ള ചിരി മാഞ്ഞു. ഇടക്ക് ട്രൗസറിലെ പോക്കറ്റിൽ കിടക്കുന്ന പേഴ്സിൽ കൈവെയ്ക്കുന്നുണ്ട്. അയാൾ വ്യഭിചരിക്കാനുള്ള പുറപ്പാടാണ് എന്ന് എനിക്ക് മനസ്സിലായി. ഒരു വ്യഭിചാരം എങ്ങിനെയാണ് ഉറപ്പിക്കപ്പെടുന്നത് എന്ന് അറിയാൻ എനിക്ക് കൗതുകം! ഞാൻ അയാളെ പിൻതുടർന്നു. പ്രതീക്ഷിച്ചപ്പോലെ കാണാൻ അഴകുള്ള ഒരു മദാമ്മ നിൽക്കുന്ന ചില്ലുകൂടിന് അടുത്തേക്ക് അയാൾ നീങ്ങി. പിന്നാലെ ഞാനും. ജപ്പാൻകാരന്റെ വരവ് കണ്ടതോടെ മദാമ്മ ചില്ലുജാലകം മെല്ലെ നീക്കി, ആശയവിനിമയത്തിനുള്ള സൗകര്യമൊരുക്കി. നിങ്ങളുടെ നിരക്ക് എത്രയാണ് എന്ന് ജപ്പാൻകാരൻ ചോദിക്കുമെന്നാണ് ഞാൻ കരുതിയത്. പക്ഷെ ആയാൾ മദാമ്മയോട് ചോദിച്ചത് മറ്റ് സ്ത്രീകളിൽ നിന്ന് നിങ്ങൾക്ക് ഉള്ള പ്രത്യേകത എന്താണ് എന്നാണ്. ആകർഷകമായ സ്തനങ്ങൾ കാണിച്ച് മദാമ്മ അയാളോട് എന്തൊക്കെയോ വിവരിച്ചു. അതൊന്നും എനിക്ക് കേൾക്കാനായില്ല.




എന്തായാലും അയാൾക്ക് പെട്ടെന്ന് തന്നെ മദാമ്മ വാതിൽ തുറന്നു കൊടുത്തു. ഇതിനിടയിൽ ആയാളുടെ പിന്നിൽ നിൽക്കുന്ന എന്നോട് നാല്പത് യൂറോയാണ് ചാർജ്ജ്, ഇരുപത് മിനിറ്റുവെയ്റ്റ് ചെയ്യൂ എന്ന് മുറി ഡെച്ചിൽ മൊഴിഞ്ഞു. അപ്പോഴാണ് അയാൾ എന്നെ ശ്രദ്ധിച്ചത്. ഇനി അവിടെ നിൽക്കുന്നത് പന്തിയല്ലെന്ന് തോന്നിയതിനാൽ എന്റെ കോപ്രായമൊക്കെ കണ്ട് കുറച്ചകലെ മാറിനിന്ന് ചിരിക്കുന്ന ടോണിയുടെ അടുത്തേക്ക് ഞാൻ വേഗം നടന്നു.

എങ്ങിനെയുണ്ടായിരുന്നു മുഖാമുഖം എന്ന അവന്റെ ചോദ്യത്തിന്, മുറിഡച്ച് പറഞ്ഞ ആ മദാമ്മ ഡച്ചുകാരിയല്ല, നാല്പത് യൂറോയാണ് ചാർജ്, 20 മിനിറ്റാണ് ഒരാൾക്ക് അനുവദിക്കുന്ന

സമയം എന്നീ മൂന്ന് കാര്യങ്ങൾ എനിക്ക് ഇതിൽ നിന്ന് മനസ്സിലായെന്ന് ഞാൻ പറഞ്ഞു. അതിന് മറുപടിയായി ഇങ്ങനെ നിൽക്കുന്ന സ്ത്രീകളിൽ അപൂർവ്വമായി മാത്രമേ ഡച്ച് വനിതകൾ ഉണ്ടാകുവെന്നും ഇവരൊക്കെ യൂറോപ്പിലെ ദരിദ്രരാജ്യങ്ങളിൽ നിന്ന് ഇവിടേക്ക് കുടിയേറി ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരാണ് എന്നും ടോണി പറഞ്ഞു. സമ്പന്ന രാഷ്ട്രമായ ഹോളണ്ടിലെ സ്ത്രീകൾക്ക് ഇങ്ങനെ വേശ്യകളായി ജീവിക്കേണ്ട ഗതികേട് ഉണ്ടാകില്ല, അതുകൊണ്ടാണ് അവരെ ഇവിടെ കാണാത്തത് എന്നാണ് ഞാൻ കരുതിയത്. എന്നാൽ ടോണിയുടെ വിശദീകരണം എന്റെ ആ ധാരണയും തെറ്റാണെന്ന് സ്ഥാപിക്കുന്നതായിരുന്നു. സുന്ദരികളായ നിരവധി ഡച്ച് സ്തീകൾ ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. വരുമാന നികുതിയുടെ റിട്ടേൺപൂരിപ്പിക്കുമ്പോൾ തൊഴിൽ എന്ന കോളത്തിൽ വേശ്യ എന്ന് തന്നെയാണ് അവർ എഴുതുക. പക്ഷെ ഇങ്ങനെ ചില്ലുകൂട്ടിൽ കയറി നിൽക്കില്ല, സെക്സ് ക്ളബ്ബുകളിലും പ്രിവെൻ ഹ്യൂസിനുകളിലുമാണ്(മുന്തിയ വേശ്യാലയം) അവർ ഉണ്ടാവുക എന്നാണ് ടോണി പറഞ്ഞത്.

ഒരു പ്രിവെൻ ഹ്യൂസിൻ കാണണമെന്ന് പറഞ്ഞപ്പോൾ പള്ളിയുടെ അടുത്തേക്ക് നടക്കാമെന്നായി ടോണി. ഈ വേശ്യാ കേന്ദ്രത്തിലും പള്ളിയോ എന്ന എന്റെ ചോദ്യത്തിന് അതിമനോഹരമായ ഒരു കൂറ്റൻ പള്ളി എനിക്ക് കാണിച്ചു തരികയാണ് ടോണി ചെയ്തത്. പതിനാലാം നൂറ്റാണ്ടിൽ പണിത സെന്റ് നിക്കോളാസ് ദേവാലയമാണ് അത്. റെഡ് ഏരിയ ഡിസ്ട്രിക്കിന്റെ ഹൃദയ ഭാഗത്ത് തന്നെ സ്ഥിതി ചെയ്യുന്നു. പള്ളി വക കെട്ടിടങ്ങളിലാണ് കുറെയേറെ വേശ്യാലയങ്ങളും ഒന്നാന്തരം പ്രിവെൻ ഹ്യൂസിനുകളും പ്രവർത്തിക്കുന്നത്. ആംസ്റ്റർഡാമിലെ ചിരപുരാതന കത്തോലിക്കാ കുടുംബങ്ങളിലെ അംഗങ്ങളൊക്കെ ഞായറാഴ്ച കുർബാനക്ക് വരുന്നത് ഈ പള്ളിയിലാണത്രേ. അതേതായാലും കൊള്ളാമെന്ന് എനിക്ക് തോന്നി. ബൈബിളിലെ പത്ത് കൽപ്പനകളിലൊന്ന് ലംഘിക്കാൻ നിക്കോളാസ് പുണ്യാളൻ തന്നെ കൂട്ട്!

റെഡ് ലെറ്റ് ഡിസ്ട്രിക്കിലെ അടുത്ത വൈരുദ്ധ്യം സെന്റ് നിക്കോളാസ് ദേവാലയത്തിനോട് ചേർന്ന് തന്നെയാണ്. ആംസ്റ്റർഡാമിലെ ഏറ്റവും വലുതും പ്രശസ്തവുമായ ബേസിക് ( 4 മുതൽ 12 വയസ്സുവരെ) സ്കൂൾ - ദി പ്രിൻസസ് ജൂലിയാന ബേസിക് സ്കൂൾ പ്രവർത്തിക്കുന്നതും ഇവിടെ തന്നെ. സ്കൂൾ പ്രവൃത്തി ദിവസങ്ങളിൽ ഈ വേശ്യലയങ്ങളുടെ ഇടയിലൂടെയെല്ലാം കുട്ടികൾ ഓടിക്കളിക്കുന്നത് കാണാം എന്നും ടോണി പറഞ്ഞു. എന്തായാലും അതി മനോഹരമാണ് ഈ വേശ്യാത്തെരുവുകളിലെ കെട്ടിടങ്ങൾ. എല്ലാം 14-16 നൂറ്റാണ്ടിൽ നിർമ്മിക്കപ്പെട്ടവ. യൂറോപ്യൻ കൊളോണിയൽ കാലഘട്ടത്തിന്റെ നിർമ്മതികളുടെ സൗന്ദര്യത്തിൽ നിന്ന് കണ്ണെടുക്കാനാവുന്നില്ല. എല്ലാം തനതു രീതിയിൽ സംരക്ഷിച്ചിരിക്കുന്നു.

പള്ളിനടയിൽ അല്പം മുന്നോട്ട് നടന്നപ്പോൾ ലൈവായി സെക്സ് ഷോകൾ കാണാൻ സൗകര്യമുള്ള തിയ്യറ്ററുകൾ കണ്ടു. അതിൽ ഏറ്റവും പ്രശസ്തമായത് ആണ് നിരവധി യൂറോപ്യൻ കൃതികളിൽ പരാമർശിക്കപ്പെട്ടിട്ടുള്ള കാസ റോസ്സോ എന്ന തിയ്യറ്റർ. കാസ്സ റോസ്സോ കണ്ടതോടെ കൗതുകത്തോടെ ഞാനും അങ്ങോട്ട് നീങ്ങി. ആണും പെണ്ണും തമ്മിലുള്ളത്, പെണ്ണും പെണ്ണും തമ്മിൽ, ഇരുപത് വയസ്സിന് താഴെയുള്ള ആൺകുട്ടിയും പെൺകുട്ടിയും തമ്മിൽ - ഇങ്ങനെ പല ഷോകളും ലൈവായി അവിടെ നടന്നുകൊണ്ടിരിക്കുകയാണ്. ചുമ്മാ കണ്ടുനോക്കാം എന്ന ടോണിയുടെ നിർദ്ദേശം നടപ്പിലാക്കണോ എന്ന് സംശയിച്ചു നിൽക്കുമ്പോൾ പുറത്തേക്കുള്ള വാതിലിലൂടെ ഡാംബർ ഇറങ്ങി വരുന്നു. പുറകേ കിബ്രിയുണ്ട്. രണ്ട് മിനിട്ടിനകം മുലാത്തുവും എഫ്രേമുമടങ്ങുന്ന ആഫ്രിക്കൻ ഗാങ്ങും അവിടെയെത്തി. ചുരുക്കത്തിൽ ടിനയൊഴികെയുള്ള ആണ്ണും പെണ്ണുമായ ആർഎൻടി.സി. വിദ്യാർത്ഥികളെല്ലാം റെഡ് ഡിസ്ട്രിക്കിലുണ്ട്. അല്പ സമയത്തിനകം തുടങ്ങുന്ന ആൺകുട്ടിയുടെയും പെൺകുട്ടിയുടെയും ഷോ കാണാനുള്ള തത്രപാടിലാണ് അവർ. ഞാനും അവരോടൊപ്പം കാസ്സ റോസ്സോയുടെ ഉള്ളിലേക്ക് കടന്നു. എപ്പോഴും കറങ്ങികൊണ്ടിരിക്കുന്ന വൃത്താകൃതിലുള്ള ഒരു കട്ടിൽ, അത് ഒരു വലിയ ചില്ലുകൂടിനുള്ളിലാണ്. അതിന് പുറത്ത് നിന്നാണ് കാണികൾ ലൈവ് ഷോ ആസ്വദിക്കേണ്ടത്. ഷോ നടത്തുന്ന ആൺകുട്ടിയും പെൺകുട്ടിയും എത്തിയതോടെ ചില്ലുകൂടിന്റെ എല്ലാ ഭാഗവും കർട്ടൻ ഇട്ടപ്പോലെ മറഞ്ഞു. ഇപ്പോൾ കാണികൾക്ക് ഒന്നും കാണാൻ പറ്റുന്നില്ല. ഇനി കാണണമെങ്കിൽ ചതുരാകൃതിയിലുള്ള ചില്ലുകൂടിന് ചുറ്റും വെച്ചിരിക്കുന്ന മെഷീനിൽ ഒരു യുറോയുടെ കോയിൻ ഇടണം. അപ്പോൾ രണ്ട് മിനിട്ടു നേരത്തേക്ക് കർട്ടൻ മാറും, കാഴ്ച തുടരണമെങ്കിൽ ഓരോ രണ്ട് മിനിറ്റുകൂടുമ്പോഴും ഓരോരുത്തരും മെഷീനിൽ കോയിനിട്ടുകൊണ്ടിരിക്കണം. കയ്യിൽ ചില്ലറയില്ലെങ്കിലും വിഷമിക്കേണ്ട, നോട്ട് ഇട്ടാൽ ചില്ലറ വരുന്ന മെഷീനും നടത്തിപ്പുകാർ സ്ഥാപിച്ചിട്ടുണ്ട്. കാസ്സ റോസ്സക്ക് ഉള്ളിൽ ഏറ്റവും തിരക്ക് പിടിച്ച സ്ഥലവും അതുതന്നെ. നോട്ട് ഇട്ട്, ചില്ലറ സംഘടിപ്പിക്കാനായി ആണ്ണും പെണ്ണും ഇടകലർന്ന് വരി നിൽക്കുന്നു.

ടോണി തന്ന ഒരു കോയിനിട്ട് ഞാനും അല്പ സമയം ആ കാഴ്ച കണ്ടു. സെർബിയൻ മുഖഛായയുള്ള കൊലുന്നനെയുള്ള ഒരു പെൺകുട്ടി. വളരെ ശാന്തമായ മുഖം, എന്നാൽ കണ്ണുകളിലെ ദൈന്യതക്ക് സമുദ്രത്തിനേക്കാൾ ആഴമുണ്ട് എന്നെനിക്ക് തോന്നി. യുഗൊസ്ളാവിയുടെ തകർച്ചയെ തുടർന്ന് കൊസവാ യുദ്ധം നടക്കുമ്പോൾ ബിബി.സിയിൽ സ്ഥിരമായി വരാറുള്ള വാർത്താദൃശ്യങ്ങളിൽ കണ്ട് ശീലിച്ച അതേ ദൈന്യത കലർന്ന മുഖം തന്നെ. ദൈവമേ! എത്രമേൽ ദുരിതം കലർന്ന ജീവിതത്തിന് ഒടുവിലായിരിക്കും ഈ പെൺകുട്ടി , ഈ ലോകത്തിൽ ഏറ്റവും സ്വകാര്യമായി, പ്രിയപ്പെട്ടവനോടൊപ്പം ചെയ്യേണ്ട കാര്യം ഇങ്ങനെ മറ്റുള്ളവർക്ക് കാണാനായി പ്രദർശന ഷോയിൽ പങ്കെടുത്ത് ചെയ്യുന്നത്? ഇങ്ങനെയൊരു കാഴ്ചയിൽ പങ്കാളിയാകേണ്ടി വന്നതിൽ എനിക്ക് എന്നോട് തന്നെ കഠിനമായ വെറുപ്പുതോന്നി. ഈ കുട്ടി സെർബിയക്കാരി ആണെന്നും അതിന്റെ അച്ഛനും അമ്മയും സഹോദരങ്ങളുമെല്ലാം കൊസവാ യുദ്ധത്തിൽ കൊല്ലപ്പെട്ടിരിക്കുമെന്നും ഞാൻ വെറുതെ വിചാരിച്ചു. എനിക്ക് ഒരു സഹോദരി ഇല്ലാതെ പോയതിൽ ജീവിതത്തിൽ ആദ്യമായി ഞാൻ ആശ്വസിച്ചു.

(തുടരും)